**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 617** **28-01-2026 - ൽ മറുപടിയ്ക്ക്**

**കോട്ടയം മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പ് മുഖേന കോട്ടയം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 88 സംരംഭകർക്കായി 1,91,09,596/- രൂപയും സംരംഭകർക്കുള്ള സഹായ പദ്ധതി പ്രകാരം 23 സംരംഭകർക്കായി 1,25,81,904/- രൂപയും എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി പ്രകാരം 25 സംരംഭകർക്കായി 65,538/- രൂപയും 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി പ്രകാരം 14 സംരംഭകർക്കായി 3,41,089/- രൂപയും പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസ് പദ്ധതി പ്രകാരം 43 സംരംഭകർക്കായി 93,06,678 രൂപയും നാനോ യൂണിറ്റുകൾക്കായുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി പ്രകാരം 11 സംരംഭകർക്കായി 31,35,600/- രൂപയും ഉൾപ്പെടെ ആകെ 204 സംരംഭകർക്കായി 4,45,40,405/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 1677 സംരംഭങ്ങൾ ആരംഭിക്കുകയും 227 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുകയും 6108 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | 2021 മുതൽ നാളിതുവരെ സ്വയം സംരംഭകർക്കായി കോട്ടയം മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ സഹായ പദ്ധതികൾ ഏതൊക്കെയെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ? | (ബി) | എ പിരിവിൽ കണ്ടാലും. |

സെക്ഷൻ ഓഫീസർ